**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3526** **15-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കായംകുളം ഗവ.ആയുർവേദ ആശുപത്രിയുടെ സ്ഥലം എൻ.എച്ച്.എ.ഐ. ഏറ്റെടുക്കുകയും കെട്ടിടം പൊളിച്ച് മാറ്റുകയും ചെയ്തപ്പോൾ എത്ര രൂപയാണ് കോമ്പൻസേഷൻ ആയി ലഭിച്ചത് എന്നും, പ്രസ്തുത തുക എന്ത് ആവശ്യത്തിനായി വിനിയോഗിച്ചു എന്നും അല്ലെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നും വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കീരിക്കാട് വില്ലേജിൽ പ്രവർത്തിച്ചു വരുന്ന കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ സ്ഥലം എൻ.എച്ച്.എ.ഐ. ഏറ്റെടുക്കുകയും കെട്ടിടം പൊളിച്ച് മാറ്റുകയും ചെയ്തപ്പോൾ കെട്ടിടത്തിന്റെ കോമ്പൻസേഷൻ ഇനത്തിൽ 45,31,271/- രൂപ തിട്ടപ്പെടുത്തി അവാർഡ് പാസ്സാക്കിയിട്ടുള്ളതും ആയത് 0075-00-105-98 ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ